**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2835** 18-08-2017 -ൽ മറുപടിക്ക്

**സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. വി. അബ്ദുൾ ഖാദർ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) | മുൻകാലങ്ങളിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ദുരന്തനിവാരണ പരിപാടികളുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുക എന്ന നിയമപരമായ ചുമതല നിറവേറ്റാതിരുന്നതിനാൽ സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ നിജഃസ്ഥിതി നിയമസഭയ്ക്ക് ലഭ്യമായില്ലെന്ന സി.& എ.ജി.യുടെ വിലയിരുത്തൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം എല്ലാ വർഷവും ഒരു പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും, സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് നിയമസഭ മുൻപാകെ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. 2007 ൽ രൂപീകൃതമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക്, 2012 മുതലാണ് സാങ്കേതിക പ്രവർത്തകരെ ലഭിച്ചതും പ്രവർത്തനം ശക്തിപ്പെട്ടതും. 2011-12 മുതൽ 2015-16 വരെയുള്ള വാർഷിക പ്രകൃതിക്ഷോഭവും എസ്.ഡി.എം.എ യുടെ പ്രവർത്തനവും ഉൾക്കൊള്ളിച്ച റിപ്പോർട്ട് പ്രസ്തുത കാലയളവിൽ എസ്.ഡി.എം.എ സെക്രട്ടറി എന്ന പദവി വഹിച്ചിരുന്ന ലാൻഡ് റവന്യൂ കമ്മിഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് നൽകുന്ന മുറയ്ക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ലഭ്യമാകുന്നത്. മുടക്കം കൂടാതെ ഈ നിധി ലഭ്യമാകുന്നുണ്ട്.<br>18-02-2016 ൽ ചേർന്ന, ചീഫ് സെക്രട്ടറി അധ്യക്ഷയായ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, ഒരു പ്രത്യേക ഫോർമാറ്റിൽ, 2015-16 മുതൽ ഉള്ള റിപ്പോർട്ട് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയത്തിന് നിർദ്ദേശം നൽകി. ഇത് പ്രകാരം 20-10-2016 ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ ഒരു വിശദമായ വാർഷിക റിപ്പോർട്ട് ഇംഗ്ലീഷിൽ സമർപ്പിച്ചു. ഇത് പരിഗണിച്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2015-16 ലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി, മലയാളത്തിൽ തർജ്ജമ ചെയ്ത് സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.<br>2015-16 ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ അവസാന വരവ്-ചെലവ് കണക്കുകളും ഉൾപ്പെടുത്തി 6-02-2017 ന് സമർപ്പിച്ച റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | **GO (Rt) No. 2787/2017/Rev dated 22-06-2017** പ്രകാരം സർക്കാർ അംഗീകരിച്ചു. നിലവിൽ 200 കോപ്പി നിയമസഭയിൽ സമർപ്പിക്കുന്നതിനായി പ്രിന്റ് ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 2016-17 ലെ വാർഷിക റിപ്പോർട്ടിന് ആവശ്യമായ വിവരങ്ങൾ 14 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടുകൾ യഥാസമയങ്ങളിൽ തന്നെ സമർപ്പിക്കാത്തത് സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയാവുമെന്നതിനാൽ സമയ ബന്ധിതമായി അവ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ? | (ബി) | 18-02-2016 ൽ ചേർന്ന, ചീഫ് സെക്രട്ടറി അധ്യക്ഷയായ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയത്തിന് വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ